**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 176** **22-07-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭങ്ങൾക്ക് കർമ്മ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിച്ച പ്രവാസി മലയാളികൾ ഉൾപ്പെടെ ഉള്ളവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുന്നതിനായി വ്യവസായ നയത്തിൽ എന്തെങ്കിലും തിരുത്തൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് പ്രവാസി മലയാളികൾ ഉൾപ്പെടെയുള്ളവർ ആരംഭിച്ച വ്യവസായ സംരംഭങ്ങൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി രണ്ട് സാമ്പത്തിക സഹായ പദ്ധതികൾ നിലവിൽ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്. a. The Kerala stressed MSMEs Revival & Rehabilitation Schemeതകർച്ച നേരിടുന്ന പീഡിതവ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ ഉൽപ്പാദനരഹിതമായ ആസ്തികളെ ഉൽപ്പാദന ആസ്തികളാക്കി മാറ്റുന്നതിനും 5 ലക്ഷം രൂപ വരെ സാമ്പത്തിക സഹായവും മറ്റ് കൈത്താങ്ങ് സഹായവും നൽകുന്ന പദ്ധതിയാണ് The Kerala stressed MSMEs Revival & Rehabilitation Scheme. b.Revival and rehabilitation scheme for defunct MSMEs and cashew processing units കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടെയുള്ള പ്രവർത്തനരഹിതമായ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങളെ സ്ഥിര നിക്ഷേപത്തിനും പ്രവർത്തനമൂലധനത്തിനും സഹായം നൽകി പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതിയാണ് Revival and rehabilitation scheme for defunct MSMEs and cashew processing units. പദ്ധതിയിലൂടെ പ്രവർത്തനരഹിതമായ MSME കൾക്ക് പരമാവധി 12 ലക്ഷവും കശുവണ്ടിമേഖലയിലെ സംരംഭങ്ങൾക്ക് പരമാവധി 15 ലക്ഷവും വരെ ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് തിരിച്ചെത്തുന്ന പ്രവാസിമലയാളികൾക്ക് തൊഴിൽ സാധ്യത ഉറപ്പ് വരുത്തുന്നതിലേക്കായി മുൻ വർഷം പ്രഖ്യാപിച്ച വ്യവസായഭദ്രത പദ്ധതിയിൽ പ്രത്യേകപ്രാധാന്യം നൽകി ഇളവ് പ്രഖ്യാപിച്ചിരുന്നു. നിലവിൽ നടത്തിവരുന്ന സാമ്പത്തിക സഹായ |

| | | | |
|---|---|---|---|
| | | | പദ്ധതിയായ സംരംഭകസഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നതിന്റെ ഭാഗമായി സംരംഭകസഹായ പദ്ധതിയുടെ മാർഗ്ഗരേഖ G.O.(MS)No.103/2020/ID dated 24/11/2020 ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് SC/ST, വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന MSME യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25% സബ്സിഡിയായി വർദ്ധിപ്പിക്കുകയും ഈ പ്രത്യേകവിഭാഗത്തിലേക്ക് പ്രവാസികൾ ആരംഭിക്കുന്ന MSME യൂണിറ്റുകളെ കൂടി പുതുതായി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ്-19 സമാശ്വാസ പദ്ധതി വഴി നടപ്പിലാക്കിയ ദുരിതാശ്വാസ പദ്ധതിയിൽ പ്രവാസി സംരംഭകർക്ക് (സംരംഭക സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി) പ്രത്യേക ഇളവുകളും അനുവദിച്ചിട്ടുണ്ട്. കൂടാതെ തിരിച്ചെത്തുന്ന പ്രവാസികളുടെ വിവരശേഖരണത്തിനായി ഒരു ഓൺലൈൻ പോർട്ടൽ തയ്യാറാക്കുകയും ടി പോർട്ടൽ വഴി ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ അവർക്ക് ആവശ്യമായ കൈത്താങ്ങ് സഹായം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വ്യവസായ സംരംഭകർ കേരളത്തിൽ നിന്നും പദ്ധതി ഉപേക്ഷിച്ച് പോകുന്നവെന്ന ആക്ഷേപം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഏങ്കിൽ വ്യക്തമാക്കുമോ; | (ബി) | വ്യവസായ സംരംഭകർ സംസ്ഥാനം വിട്ടുപോകുന്ന പൊതു സാഹചര്യവും നിലനിൽക്കുന്നില്ല. കേരളത്തിലെ നിലവിലെ സാഹചര്യം തികച്ചും സംരംഭാനുകൂലമാണ്. സംരംഭകർ കേരളത്തിൽ നിന്നും പദ്ധതി ഉപേക്ഷിച്ച് പോകേണ്ട സാഹചര്യം നിലവിലില്ല. വ്യവസായങ്ങൾക്കാവശ്യമായ ലൈസൻസുകൾ ലഭിക്കുവാൻ ഏകജാലക സംവിധാനം നിലവിലുണ്ട് . |
| (സി) | വ്യവസായ സംരംഭങ്ങൾക്ക് തയ്യാറാകുന്ന പ്രവാസികൾ ഉൾപ്പെടെയുള്ള സംരംഭകർക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് തടസം നേരിടുന്ന സാഹചര്യം ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അത് എന്താണെന്ന് അറിയിക്കുമോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പ്രത്യേക കർമ്മപദ്ധതി രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | വ്യവസായ സംരംഭങ്ങൾക്ക് തയ്യാറാകുന്ന പ്രവാസികൾ ഉൾപ്പെടെയുള്ള സംരംഭകർക്ക് തികച്ചും അനുകൂലമായ അന്തരീക്ഷമാണ് നിലവിലുള്ളത്. വ്യവസായ സംരംഭകർക്ക് ഭൂമി നൽകുന്നതിനുള്ള ഏകീകൃത വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടുള്ള Unified Land Land Policy, കാലഹരണപ്പെട്ട നിയമനങ്ങളും ചട്ടങ്ങളും ഉണ്ടെങ്കിൽ ആയത് മാറ്റം വരുത്തുന്നതിന് പഠനത്തിനായി നിയോഗിച്ചിട്ടുള്ള വിദഗ്ദ്ധ സമിതി, വ്യവസായ സ്ഥാപനങ്ങളിലെ പരിശോധന സംവിധാനം പുനഃക്രമീകരിച്ചുകൊണ്ട് വിവിധ വകുപ്പുകൾ ഉൾപ്പെടുന്ന സോഫ്റ്റ്‌വെയർ അധിഷ്ഠിത ഏകീകൃത പരിശോധന സംവിധാനം എന്നിവയെല്ലാം വ്യവസായ സംരംഭകർക്ക് നിക്ഷേപം നടത്തുന്നതിന് |

| | | | |
|---|---|---|---|
| | | | സഹായകരമാകുന്നതിന് പുതിയതായി കൊണ്ടുവന്ന സംവിധാനങ്ങളാണ് |

സെക്ഷൻ ഓഫീസർ